**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1623** **19-09-2025 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ നികുതി കെട്ടേണ്ടാത്ത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ കടവത്തൂർ ദേശത്ത് വർഷങ്ങളോളം നി.കെ. (നികുതി കെട്ടാത്തത്) ഭൂമിയായി ഉപയോഗശൂന്യമായി കിടക്കുന്ന സർവേ നമ്പർ 26/6-ൽപ്പെട്ട 1.27 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, തൃപ്പങ്ങോട്ടൂർ വില്ലേജ് കടവത്തൂർ പ്രദേശത്ത് റീ.സർവ്വേ നമ്പർ 26/6-ൽപ്പെട്ട 1.27 ഏക്കർ നീ.കെ ഭൂമി 1964 ലെ കേരള അന്യം നിന്നതും നഷ്ടപ്പെട്ടതുമായ വസ്തുക്കളെ സംബന്ധിച്ച നിയമ പ്രകാരം ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വസ്തു സംബന്ധമായ പ്രാഥമിക പരിശോധന പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ആയതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ? | (ബി) | ഇക്കാര്യം കണ്ണൂർ ജില്ലാ കളക്ടറുടെ പരിഗണനയിലാണ്. വിഷയത്തിൽ കൂടുതൽ വിശദമായ പരിശോധന നടത്തി എസ്ചീറ്റ് ആക്റ്റ് പ്രകാരം ഏറ്റെടുക്കാൻ കഴിയുന്ന വസ്തുവാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർ തലശ്ശേരി തഹസിൽദാർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതും വിശദമായ അന്വേഷണവും തുടർനടപടികളും നടന്നുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ